ഉത്തരം

(എ) സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് താഴെപ്പറയുന്ന നിരക്കിൽ പ്രതിമാസ ഓണറേറിയവും ഹാജർബത്തയും നൽകുന്നു. കൂടാതെ 1995-ലെ കേരള പഞ്ചായത്ത്‌രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടങ്ങൾപ്രകാരം അനുവദനീയമായ നിരക്കിൽ യാത്രബത്തയും നൽകിവരുന്നുണ്ട്.

	ഓണറേറിയം (രൂപ)	ഹാജർബത്ത (പ്രതിമാസം പരമാവധി നൽകാവുന്ന തുക) (രൂപ)
ജില്ലാ പഞ്ചായത്ത്		
പ്രസിഡന്റ്	5900	360
വൈസ് പ്രസിഡന്റ്	4600	360
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ	2700	360
അംഗങ്ങൾ	2400	300
ബ്ലോക്ക് പഞ്ചായത്ത്		
പ്രസിഡന്റ്	5300	360
വൈസ് പ്രസിഡന്റ്	4000	360
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ	2400	360
അംഗങ്ങൾ	1800	300
ഗ്രാമ പഞ്ചായത്ത്		
പ്രസിഡന്റ്	4600	360
വൈസ് പ്രസിഡന്റ്	3300	360
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ	2100	360
അംഗങ്ങൾ	1500	300

(ബി-ഡി) ഇപ്പോൾ പരിഗണനയിലില്ല.

ശുചീകരണ തൊഴിലാളികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ പദ്ധതി

124 (1594) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുചീകരണ തൊഴിലാളികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശുചീകരണ തൊഴിലാളികളുടെ ആരോഗ്യ സുരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ എന്തൊക്കെ നിർദ്ദേശങ്ങളാണ് ഇത് സംബന്ധിച്ച് പഠനം നടത്തിയ സമിതി പരിഗണനയ്ക്ക് സമർപ്പിച്ചത് ;

(സി) ഇത് സംബന്ധിച്ച് ഹൈക്കോടതി എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയത് ;

(ഡി) ഇവയിൽ ഏതൊക്കെ നിർദ്ദേശങ്ങൾ ഇതുവരെ പ്രാവർത്തികമാക്കിയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുടുംബശ്രീ സംരംഭവുമായി ബന്ധപ്പെട്ട് ഖരമാലിന്യ ശേഖരണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിൽ സംരംഭകരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ഒരു സാമ്പത്തിക ആരോഗ്യ സുരക്ഷാ പദ്ധതി ആവിഷ്കരിച്ച് 2009 ഒക്ടോബർ മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. കേരളത്തിലെ ഖര മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട് വിശിഷ്യ ഖരമാലിന്യം വീടുകളിൽനിന്നും ശേഖരിക്കുന്ന പ്രവർത്തനങ്ങളിൽ ഗണ്യമായ പങ്ക് വഹിക്കുന്ന കുടുംബശ്രീ തൊഴിലാളി സംരംഭകരുടെ ആരോഗ്യ സുരക്ഷ, സാമ്പത്തിക സുരക്ഷ എന്നീ കാര്യങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായം ലഭ്യമാക്കാനാണ് 25-8-2009-ലെ ഗവൺമെന്റ് ഉത്തരവ് നമ്പർ 166/09/തസ്വഭവ പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവായിട്ടുള്ളത്. ഇതിൽ വ്യക്തിഗത ആരോഗ്യ സുരക്ഷയുടെ ഭാഗമായി വ്യക്തിഗത ശുചിത്വം, പ്രാഥമിക ശുശ്രൂഷ, ഇൻഷ്വറൻസ് സുരക്ഷ, ഹെൽത്ത് കാർഡ് ലഭ്യമാക്കൽ, മെഡിക്കൽ പരിശോധന എന്നിവ ഉറപ്പാക്കാനും, ആരോഗ്യശീലങ്ങളിൽ പരിശീലനം നൽകാനും ലക്ഷ്യമിടുന്നു. സാമ്പത്തിക സുരക്ഷിതത്വത്തിന്റെ ഭാഗമായി അംഗങ്ങളുടെ വരുമാനം ഉറപ്പാക്കാനുള്ള നടപടിയും എടുത്തിട്ടുണ്ട്.

(ബി) 4-6-2008-ലെ 1645/08/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു സമിതി സർക്കാർ രൂപീകരിച്ചു. സർക്കാരിൽലഭിച്ച റിപ്പോർട്ടിൽ ഉൾക്കൊള്ളുന്ന നിർദ്ദേശങ്ങളുടെ സംക്ഷിപ്തരൂപം താഴെപ്പറയുന്നു.

1. വ്യക്തിഗത ആരോഗ്യ സുരക്ഷ :-

തൊഴിലാളികൾക്ക് ഏപ്രൺ ഗ്ലൗസ്, മാസ്ക്ക്, യൂണിഫോം തുടങ്ങിയവ നൽകുക, പ്രാഥമിക ശുശ്രൂഷകൾ, അപകട ഇൻഷുറൻസ്, ഹെൽത്ത് കാർഡ് തുടങ്ങിയവ നൽകൽ ഇതിനായി ആവശ്യംവരുന്ന തുകയുടെ 50 ശതമാനം തദ്ദേശഭരണ സ്ഥാപനവും ശേഷിക്കുന്ന 50 ശതമാനം കുടുംബശ്രീ യൂണിറ്റുകളും വഹിക്കുക.

2. സാമ്പത്തിക സുരക്ഷാ സഹായം :-

സാമ്പത്തിക സുരക്ഷയുടെ ഭാഗമായി മാലിന്യം ശേഖരിക്കുന്നതിനായി ഉപയോഗിക്കുന്ന വാഹനത്തിന്റെ ഇന്ധന ചെലവ്, യഥാസമയം മെയിന്റനൻസ്, റിട്ടെൻഷൻ ഫണ്ട്, ട്രേ വാങ്ങുന്നതിനുള്ള ചെലവ്, ക്ഷേമനിധി ഇവയ്ക്ക് ആവശ്യമായിവരുന്ന ചെലവിന്റെ 50% തദ്ദേശ സ്വയംഭരണ സ്ഥാപനവും, ശേഷിക്കുന്ന 50% കുടുംബശ്രീ യൂണിറ്റുകളും വഹിക്കുക എന്നുള്ളതാണ്.

(സി) കുടുംബശ്രീ ശുചീകരണ തൊഴിലാളികളുടെ സുരക്ഷ സംബന്ധിച്ച് സർക്കാർ അംഗീകരിച്ച റിപ്പോർട്ടിലെ ശിപാർശകൾ (25-8-2009-ലെ സ.ഉ.(എം.എസ്.)166/09/തസ്വഭവ നമ്പർ) സർക്കാരിന് യുക്തമെന്നുതോന്നുന്ന ഭേദഗതികളോടെ 18-9-2009 മുതൽ 6 മാസത്തിനകം നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നാണ് ബഹു. ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നൽകിയിട്ടുള്ളത്.

(ഡി) കുടുംബശ്രീ ശുചീകരണ തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ സംബന്ധിച്ച ശുചീകരണ ഉപാധികൾനൽകുന്ന കാര്യങ്ങളും അംഗങ്ങളുടെ സുരക്ഷ, ക്ഷേമം, വാഹനം വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ മറ്റുസാധന സാമഗ്രികൾ എന്നിവയുടെ പരിപാലനത്തിനുവേണ്ടിവരുന്ന തുക ബന്ധപ്പെട്ട കുടുംബശ്രീ യൂണിറ്റും നഗരസഭയും 50:50 എന്ന അനുപാതത്തിൽ വഹിക്കണ മെന്നതും പ്രാവർത്തികമാക്കിയിട്ടുണ്ട്.

ഗാർഹിക മാലിന്യ നിർമ്മാർജ്ജനം

125 (1595) ശ്രീ. യു. സി. രാമൻ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാർഹിക മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ജൈവമാലിന്യം ഉപയോഗപ്പെടുത്തി ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തിനുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ ;

(സി) ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കോളനികൾ, മറ്റുഹൗസിംഗ് കോളനികൾ, ചെറുപട്ടണങ്ങൾ എന്നിവിടങ്ങളിലെ ജൈവമാലിന്യം ഉപയോഗപ്പെടുത്തി പൊതു ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പദ്ധതികൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ അത്തരം സംരംഭങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പഠനം നടത്തുമോ ;

(ഡി) പ്ലാസ്റ്റിക് ഉപയോഗനിയന്ത്രണം പൂർണ്ണമായി നടപ്പിലാക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ പ്ലാസ്റ്റിക് മാലിന്യസംസ്കരണം ലക്ഷ്യമിട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വിശദീകരിക്കുമോ ; ഇതിനെക്കുറിച്ച് എന്തെങ്കിലും പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly